# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1083

04.12.2014 ൽ മറുപടിയ്ക്ക്

## സർക്കാർ അംഗീകാരമില്ലാത്ത സ്കൂളുകൾ

**ചോദ്യം**

ശ്രീ. സി.ദിവാകരൻ

കേരളത്തിൽ സർക്കാർ അംഗീകാരമില്ലാത്ത എത്ര സ്കൂളുകളാണ് പ്രവർത്തിക്കുന്നത്; ഇങ്ങനെ അംഗീകാരമില്ലാതെ എങ്ങനെയാണ് സ്കൂളുകൾക്ക് പ്രവർത്തിക്കാൻ കഴിയുന്നത്; ഈ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഫീസ്, അധ്യാപകരുടെ യോഗ്യത, വേതനം എന്നിവ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്ക് ഹാജരാകാൻ ഇളവ് അനുവദിക്കാറുണ്ടോ?

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

സർക്കാർ അംഗീകാരമില്ലാതെയും യാതൊരുവിധ മാനദണ്ഡങ്ങളും പാലിക്കാതെയും സംസ്ഥാനത്ത് വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വിദ്യാലയങ്ങളുടെ എണ്ണം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സംസ്ഥാനത്ത് നിയമപരമായി പ്രവർത്തിക്കുവാൻ കഴിയുന്നതല്ല. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. വിദ്യാലയങ്ങളുടെയും സംസ്ഥാന സിലബസ്സ് പിൻതുടരുന്ന വിദ്യാലയങ്ങളുടെയും അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരം ലഭ്യമാക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചു വരുന്നു.

നിലവിൽ അംഗീകാരമുള്ള സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ./ സ്റ്റേറ്റ് സിലബസ് അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ യോഗ്യത, അവരുടെ വേതനം തുടങ്ങിയവ പരിശോധിക്കുവാനും ഇതു സംബന്ധിച്ച പരാതികൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുവാനും വിദ്യാഭ്യാസ ഓഫീസർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമായി സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുടേയും അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെയും പങ്കാളിത്തമുള്ള സ്റ്റേറ്റ് ലവൽ കമ്മിറ്റി നിലവിലുണ്ട്. സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളിലെ ഒമ്പതാം ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികൾ 2013-2014 അധ്യയന വർഷത്തിലെ വാർഷിക പരീക്ഷ അതാതു സ്കൂളുകളിൽ തന്നെ എഴുതുന്നതിന് 24.02.2014 - ലെ സ.ഉ.(സാധാ.) നം.976/14/പൊ.വി പ്രകാരം അനുമതി നൽകിയിരുന്നു.

സെക്ഷൻ ഓഫീസർ